**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2594** **02-08-2021 - ൽ മറുപടിയ്ക്ക്**

**ഡി.ഐ.ഇ.റ്റി., ജി.റ്റി.റ്റി.ഐ. എന്നിവിടങ്ങളിലെ അധ്യാപക-അനധ്യാപക നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഡി.ഐ.ഇ.റ്റി., ജി.റ്റി.റ്റി.ഐ. എന്നിവിടങ്ങളിലെ അധ്യാപക-അനധ്യാപക നിയമനങ്ങൾക്കായി സ്പെഷ്യൽ റൂൾ നിലവിലുണ്ടോ എന്നറിയിക്കാമോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്തെ ഡയറ്റിലെ അധ്യാപക നിയമനങ്ങൾക്കായി സ്പെഷ്യൽ റൂൾ നിലവിൽ വന്നിട്ടുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിൽ ഒരു ജില്ലയിൽ ഒന്നുവീതം 14 ഡയറ്റുകളാണ് നിലവിലുള്ളത്. ഓരോ ഡയറ്റിലും ഒരു പ്രിൻസിപ്പാൾ, 7 സീനിയർ ലക്ചറർ, 20 ലക്ചറർ എന്നിങ്ങനെയാണ് അധ്യാപക തസ്തികകൾ അനുവദിച്ചിരിക്കുന്നത്. ഇതിനു പുറമെ കാസർഗോഡ് ഡയറ്റിൽ കന്നട ലക്ചറർ തസ്തികയും തിരുവനന്തപുരം, ഇടുക്കി, പാലക്കാട് ഡയറ്റുകളിൽ തമിഴ് ലക്ചറർ തസ്തികകളും അനുവദിച്ചിട്ടുണ്ട്. ലക്ചറർ തസ്തികയിലെ ഒഴിവുകളിൽ 50% ഗവൺമെൻറ് പ്രൈമറി സ്കൂൾ, ഹൈസ്കൂൾ, ഹയർസെക്കന്ററി സ്കൂൾ, വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ എന്നിവിടങ്ങളിലെ അധ്യാപകരിൽ നിന്നും ടീച്ചർ എഡ്യൂക്കേറ്റർമാരിൽ നിന്നും ബൈട്രാൻസ്ഫർ മുഖേനയും 50% ഒഴിവുകൾ പി.എസ്.സി. വഴി നേരിട്ടുള്ള നിയമന രീതിയുമാണ്. ടി.ടി.ഐ കളിലെ അധ്യാപക അനധ്യാപക നിയമനങ്ങൾക്ക് സ്പെഷ്യൽ റൂൾസ് നിലവിൽ ഇല്ല. |
| (ബി) | ഇവിടങ്ങളിലെ അധ്യാപക നിയമനത്തിനായി നിലവിലുള്ള യോഗ്യതകൾ വിശദമാക്കാമോ? | (ബി) | ഡയറ്റ് ലക്ചറർ തസ്തികയിലെ ബൈട്രാൻസ്ഫർ നിയമനത്തിന് ബിരുദാനന്തര ബിരുദം, എം.എഡ്. ഡിഗ്രി, മൂന്ന് വർഷത്തെ തുടർച്ചയായ അധ്യാപന പരിചയം എന്നിവയാണ് യോഗ്യതയായി നിഷ്കർഷിച്ചിരിക്കുന്നത്. നേരിട്ടുള്ള നിയമനത്തിന് ബിരുദാനന്തര ബിരുദം, എം.എഡ് ഡിഗ്രി, കൂടാതെ റ്റെറ്റ്/ നെറ്റ്/സെറ്റ്/എം.ഫിൽ ബന്ധപ്പെട്ട വിഷയത്തിലോ എഡ്യൂക്കേഷനിലോ ഉള്ള പി.എച്ച്.ഡി ഇവയിലേതെങ്കിലും ഒരു യോഗ്യതയും വേണ്ടതാണ്. ടിടി.ഐ കളിലെ പ്രിൻസിപ്പൽമാരായി ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാരും, അധ്യാപകരായി എച്ച്.എസ്.ടി മാരും ആണ് നിലവിൽ ജോലി നോക്കിവരുന്നത്. ആയതിനാൽ എച്ച്.എസ്.ടി മാരുടെ യോഗ്യതകൾ തന്നെയാണ് ടി.ടി.ഐ |

| | | | |
|---|---|---|---|
| | | | അധ്യാപകർക്കും നിലവിൽ ബാധകമാക്കി യിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ